(ബി) നിർദ്ദിഷ്ട വല്ലാർപാടം ടെർമിനലിന്റെ ഒന്നാംഘട്ട വികസനം, നിലവിലുള്ള രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഡി.പി.ഐ. ഏറ്റെടുത്ത് നടത്തുന്ന തീയതി മുതൽ 2 വർഷത്തിനുള്ളിൽ നിർമ്മാണം ആരംഭിച്ച്, അടുത്ത 2 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ഇപ്പോൾ ധാരണയിലെത്തിയിരിക്കുന്നത്.

(സി) നിർദ്ദിഷ്ട ടെർമിനൽ വരുന്ന വല്ലാർപാടം, പുതുവൈപ്പ് ഏരിയ ഉൾപ്പെടുന്ന സ്ഥലത്തെ പോർട്ട് വെയ്സ്ഡ് സ്പെഷ്യൽ എക്കണോമിക് സോൺ ആയി മാറ്റുവാൻ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ടെർമിനലിനു വേണ്ടിയുള്ള ഭൂമിയുടെ സർവ്വേ വിവരങ്ങൾ ലഭ്യമായാലുടൻ ഇതു സംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്. കേരള സർക്കാർ എസ്.ആർ.ഒ. നമ്പർ 944/2004 ആയി വിജ്ഞാപനം ചെയ്ത 1-9-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 49/2004/തൊഴിൽ ഉത്തരവ് പ്രകാരം, കൊച്ചിൻ സ്പെഷ്യൽ എക്കണോമിക് സോൺ ഡവലപ്മെന്റ് കമ്മീഷണറെ ഈ നോട്ടിഫിക്കേഷൻ ഗസറ്റിൽ പരസ്യം ചെയ്യുന്ന തീയതി മുതൽ പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതി ചെയ്യുന്ന വ്യവസായ യൂണിറ്റുകളിലെ തർക്കങ്ങളിൽ മദ്ധ്യസ്ഥത വഹിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് (1947-ലെ 14-ാം കേന്ദ്ര ചട്ടം)-ലെ സെക്ഷൻ 4 പ്രകാരം ചുമതല നൽകിയിട്ടുണ്ട്.

പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക്‌ലിസ്റ്റ്

113 [118] ശ്രീ. ഇ. എം. അഗസ്തി:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വി. ഡി. സതീശൻ:
" ലൂഡി ലൂയിസ്:
" എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗ നിയമനത്തിനു വേണ്ടി പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ പേര് ചേർക്കപ്പെടേണ്ടവരുടെ എണ്ണം കുറയ്ക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം തുടങ്ങിയത് എന്നു മുതലാണ്;

(സി) റാങ്ക് ലിസ്റ്റുകളിൽ കുറച്ചുപേരെ മാത്രം ചേർക്കുന്നതിനാൽ അവ നിലവിലിരിക്കേണ്ട കാലാവധിക്കു മുമ്പ് തന്നെ അവയിൽ ഉൾപ്പെടുത്തിയിട്ടുള്ള വരെ നിയമിക്കപ്പെടുകയും റാങ്ക് ലിസ്റ്റ് ഇല്ലാതാവുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

കേരള ലോകായുക്തയിലെ തസ്തികകൾ

114 [119] പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള ലോകായുക്തയിൽ ആകെ എത്ര തസ്തികകൾക്കാണ് സർക്കാർ അനുവാദം നൽകിയിട്ടുള്ളത്; അവ ഏതെല്ലാം?

ഉത്തരം

കേരള ലോകായുക്തയിൽ ആകെ 79 (എഴുപത്തി ഒമ്പത്) തസ്തികകൾക്കാണ് സർക്കാർ അനുവാദം നൽകിയിട്ടുള്ളത്. അവ താഴെ വിശദമാക്കുന്നു.

1.	രജിസ്ട്രാർ	(1)	
2.	അഡീഷണൽ രജിസ്ട്രാർ	(1)	
3.	ഡെപ്യൂട്ടി രജിസ്ട്രാർ	(1)	
4.	പ്രൈവറ്റ് സെക്രട്ടറി ലോകായുക്ത	(1)	
5.	പേഴ്സണൽ അസിസ്റ്റന്റ് ഉപ ലോകായുക്ത	(2)	ജി.ഒ.(എം.എസ്.) നം. 27/99/ വിജി. തീയതി 5-3-1999
6.	സെക്ഷൻ ഓഫീസർ	(1)	
7.	കോർട്ട് ഓഫീസർ	(3)	ജി.ഒ.(എം.എസ്.) നം. 34/99/ വിജി. തീയതി 30-3-1999
8.	സെക്യൂരിറ്റി ഓഫീസർ	(1)	
9.	അസിസ്റ്റന്റ്	(4)	
10.	സ്റ്റെനോഗ്രാഫർ	(2)	
11.	ടൈപ്പിസ്റ്റ്	(2)	
12.	ഡ്രൈവർ	(4)	
13.	അറ്റൻഡർ	(4)	
14.	പ്യൂൺ	(2)	

LIBRARY ARCHIVES Kerala Legislative Assembly